# Athmaraksha.org

ദൈവത്തിന്റെ കരുണയും, സ്നേഹവും, സംരക്ഷണവും

## രക്ഷ നമുക്ക് വാങ്ങാനാവില്ല; വില്ക്കാനുമാവില്ല; അതൊരു ദാനമാണ് - പാപ്പാ



രക്ഷ ദൈവത്തിന്റെ ഒരു ദാനമാണെന്നും, അതിനാൽ അത് നമുക്ക് വാങ്ങാനോ വില്ക്കാനോ സാധിക്കില്ലെന്നും ഫ്രാൻസിസ് പാപ്പാ പറഞ്ഞു. മാർച്ച് 25 ന് സാന്താ മാർത്തായിൽവച്ചുള്ള കുർബാനയ്ക്കിടയിലെ പ്രസംഗത്തിലായിരുന്നു ഈ സന്ദേശം.

അന്ന് മംഗളവാർത്തതിരുന്നാളായിരുന്നു. മറിയത്തെപ്പോലെ എളിമയുള്ള ഹൃദയമുള്ളവർക്ക് മാത്രമേ ദൈവത്തോടു അടുക്കാൻ സാധിക്കുകയുള്ളൂ. "ഹൃദയത്തിന്റെ അഹങ്കാരമായിരുന്നു ആദത്തെയും ഹവ്വായേയും വഴിതെറ്റിച്ചതും അവരുടെ വീഴ്ചയ്ക്കു കാരണമായതും." പാപ്പാ പറഞ്ഞു.

"എന്നാൽ ദൈവം അവരെ ഉപേക്ഷിച്ചില്ല. അവിടുന്ന് അവർക്ക് രക്ഷ വാഗ്ദാനം ചെയ്തു. മനുഷ്യകുലത്തിന്റെകൂടെ ദൈവം നടന്നു. ഹവ്വായുടെ അനുസരണക്കേടിൽ ആരംഭിച്ച യാത്ര മറിയത്തിന്റെ അനുസരണത്തിലൂടെ രക്ഷയിലെത്തി. ഹവ്വായുടെ അനുസരണക്കേടിലൂടെ സംഭവിച്ച ഊരാക്കുടുക്ക് മറിയം തന്റെ അനുസരണത്തിലൂടെ അഴിച്ചു."

ഇതൊരു യാത്രയാണ്. ഈ യാത്രയിൽ ദൈവം തന്റെ ജനത്തിന്റെ കൂടെ നടക്കുന്നു. ദൈവം അങ്ങനെതന്നെ വാഗ്ദാനം ചെയ്യുന്നു. "നിങ്ങളുടെ കഠിനഹൃദയ ങ്ങളെ മാറ്റി ഞാൻ നിങ്ങളുടെ ഹൃദയങ്ങളെ മാംസളമാക്കും. ദൈവത്തിന്റെ വാഗ്ദാന മായ രക്ഷ സ്വീകരിക്കാൻ പറ്റിയ രീതിയിൽ അവൻ നമ്മുടെ ഹൃദയങ്ങളെ മൃദുലമാക്കും. അഹങ്കാരമില്ലാത്തതും, സ്വയംപര്യാപ്തമല്ലാത്തതും ദൈവത്തെ ആശ്രയിക്കുന്നതുമായ മാനുഷികഹൃദയം രൂപപ്പെടുത്താൻ അവൻ നമ്മെ സഹായി ക്കുന്നു."

"രക്ഷാകരയാത്രയുടെ ഈ ഘട്ടത്തിൽ ഇന്നത്തെ സുവിശേഷം നമ്മോടു സംസാരിക്കുന്നത് അനുസരണത്തെക്കുറിച്ചാണ്. ദൈവവചനത്തോടുള്ള അനുസരണ ത്തെക്കുറിച്ച്. രക്ഷയെന്നത് ദൈവത്തിന്റെ സൗജന്യദാനമാണ്. അത് വാങ്ങാനാവില്ല: വില്ക്കാനുമാവില്ല. അത് സൗജന്യമായി നല്കപ്പെടുന്നതാണ്. നമുക്ക് നമ്മെത്തന്നെ രക്ഷിക്കാനാവില്ല."

"രക്ഷ സമ്പൂർണ്ണമായും സൗജന്യമായ ദാനമാണ്. കാളകളുടെയോ, ആടുകളുടെ യോ രക്തംകൊണ്ട് അത് വാങ്ങിയെടുക്കാനാവില്ല. രക്ഷയിലേയ്ക്ക് കടന്നുവരാൻ നമ്മൾ ചെയ്യേണ്ടത് ഒരേ ഒരു കാര്യംമാത്രം-

എളിമയുള്ള ഹൃദയം ഒരുക്കുക. മറിയ ത്തെപ്പോലെ അനുസരണയുള്ള ഒരു ഹൃദയം തയ്യാറാക്കുക. ഈ യാത്രയിൽ നമുക്ക് മാതൃക ദൈവപുത്രനായ ക്രിസ്തുതന്നെയാണ്. അവൻ ദൈവത്തോടുള്ള തന്റെ സമാനത മുറുകെ പിടിക്കാതെ തന്നെത്തന്നെ താഴ്ത്തി.''

മാർപാപ്പ എളിമയെപ്പറ്റി പിന്നീട് വിശദീകരിച്ചു.''ഹൃദയത്തിന്റെ എളിമയെന്നത് വളരെ ലളിതമാണ്. ഞാനൊരു മനുഷ്യനാണെന്ന ഏറ്റുപറച്ചിലാണത്. ഞാൻ വെറും മനുഷ്യൻ. തമ്പുരാനേ, നീ ദൈവവും. ഈ മനോഭാവത്തോടെ ദൈവസന്നിധിയിൽ നിൽക്കുന്നതാണ് എളിമ.''

''അതിനാൽ മംഗളവാർത്തത്തിരുനാളിൽ നമുക്ക് ഈ രക്ഷാകരയാത്ര ആഘോഷിക്കാം. ആദിമാതാവിൽനിന്ന് മറിയമെന്ന അമ്മയിലേക്കുള്ള ഈ യാത്ര നമുക്ക് ആഘോഷിക്കാം. ആദത്തിന്റെയും ഹവ്വായുടെയും ചിത്രത്തെ നമുക്ക് വീക്ഷിക്കാം. മാതാവിനെയും ഈശോയേയും നമുക്ക് നോക്കാം. ദൈവം മനുഷ്യനോടുകൂടെനടന്ന രക്ഷാകരചരിത്രത്തെ നമുക്ക് വീക്ഷിക്കാം. എന്നിട്ട് നമുക്ക് പറയാം-'തമ്പുരാനേ, നിനക്ക് നന്ദി! കാരണം നീ ഞങ്ങൾക്ക് രക്ഷ സൗജന്യമായി നല്കുന്നു. നീ ഞങ്ങൾക്ക് രക്ഷ സമ്മാനമായി തരുന്നു. അതിനാൽ നാഥാ നന്ദി.' നന്ദി പറയാനുള്ള ദിവസമായി നമുക്കീ ദിവസത്തെ മാറ്റാം.''